പത്രപ്രസ്താവന

ഭാരതീയ റിസർവ്വ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്
മുംബൈ-400001

ഫെബ്രുവരി 20, 2017

**റുപ്പീ സഹകരണ ബാങ്കിന് (പൂനെ) മേൽ പുറപ്പെടുവിച്ച ഡയറക്ഷന്റെ കാലാവധി**
**ഭാരതീയ റിസർവ്വ് ബാങ്ക് ദീർഘിപ്പിച്ചിരിക്കുന്നു**

2017 ഫെബ്രുവരി 16 ന് ഭാരതീയ റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഡയറക്ടീവ് പ്രകാരം റുപ്പീ സഹകരണ ബാങ്കിന്റെ ഡയറക്ഷന്റെ കാലാവധി 2017 ഫെബ്രുവരി 22 മുതൽ ആഗസ്റ്റ് 21 വരെയുള്ള 6 മാസ കാലയളവിലേക്ക് അവലോകനത്തിനു വിധേയമായി ദീർഘിപ്പിച്ചിരിക്കുന്നു. ഡയറക്ഷൻ ആദ്യമായി ബാങ്കിനുമേൽ ചുമത്തിയത് 2013 ഫെബ്രുവരി 23 മുതൽആഗസ്റ്റ് 21 വരേക്കുള്ള 6 മാസ കാലയളവിലേക്കായിരുന്നു. പിന്നീട് 6 തവണ 6 മാസം വീതവും രണ്ടു തവണ മൂന്നു മാസം വീതവും കാലാവധി ദീർഘിപ്പിക്കുകയുണ്ടായി. അവസാനമായി 2016 ആഗസ്റ്റ് 22 മു തലുള്ള 6 മാസത്തേയ്ക്കാണ് ഡയറക്ഷന്റെ കാലാവധി ദീർഘിപ്പിച്ചത്.

1949 ലെ ബാങ്കിംഗ് റഗുലേഷൻ നിയമം 35 A(1),56 എന്നീ വകുപ്പുകൾ പ്രകാരം ഭാരതീയ റിസർവ് ബാങ്കിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചാണ് ഡയറക്ഷൻസ് ബാങ്കിന്മേൽ ചുമത്തിയിരിക്കുന്നത്. ഇതിന്റെ ഒരു പകർപ്പ് ബാങ്കിന്റെ പരിസരത്ത് പൊതുജനങ്ങളുടെ അറിവിലേക്കായി പ്രദർശിപ്പിക്കേണ്ടതാണ്.

ഡയറക്ഷൻ ചുമത്തി എന്ന കാരണത്താൽ ബാങ്കിന്റെ ലൈസൻസ് റദ്ദു ചെയ്തു എന്ന് കരുതരുത്. ബാങ്കിന്റെ സാമ്പത്തികനില മെച്ചപ്പെടുന്നതുവരെ നിയന്ത്രണങ്ങൾക്കു വിധേയമായി ബാങ്കിംഗ് ഇടപാടുകൾ നടത്തുവാൻ ബാങ്കിന് അധികാരമുണ്ട്. സാഹചര്യങ്ങൾക്കനുസരിച്ച് ഡയറക്ഷനിൽ മാറ്റം വരുത്തുന്ന കാര്യംറിസർവ് ബാങ്ക് പരിഗണിക്കുന്നതായിരിക്കും.

അജിത് പ്രസാദ്
അസിസ്റ്റന്റ് അഡ്വൈസർ

പത്രപ്രസ്താവന:**2016-2017/2245**